"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ് 1) ശ്രീ.ബിജു.ആർ-ന് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**501/2026/TAXES** തീയതി,തിരുവനന്തപുരം, **22-06-2026**

---

പരാമർശം:-

1. ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ് 1) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ബിജു.ആർ-ന്റെ **11.03.2026**-ലെ സമർപ്പണവും അവധി അപേക്ഷയും
2. തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ **26.05.2026**-ലെ സാക്ഷ്യപത്രം
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **10/06/2026** തീയതിയിലെ **SLTY/1851/2026-E4** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ് 1) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ബിജു.ആർ (പെൻ: 752933), ഓഫീസിൽനിന്ന് വീട്ടിൽ പോയി ഉച്ചഭക്ഷണം കഴിച്ച് മടങ്ങിവരുന്നതിനിടെ **19/02/2026** ന് സംഭവിച്ച റോഡപകടത്തെ തുടർന്ന് ഡോക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ **19/02/2026 AN** മുതൽ **28/02/2026 AN** വരെ അവധിയിൽ പ്രവേശിക്കുകയുണ്ടായി. **01/03/2026**-ന് ജോലിയിൽ തിരികെ പ്രവേശിച്ച ടിയാൻ പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അവധി അപേക്ഷയും ബന്ധപ്പെട്ട ചികിത്സാ രേഖകളും ഡോക്ടറുടെ സാക്ഷ്യപത്രവും സമർപ്പിക്കുകയുണ്ടായി.

2. ഓഫീസിലേയ്ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി വരുന്ന വഴിയിലാണ് ടിയാന് അപകടമുണ്ടായതെന്ന് ടിയാന്റെ നിയന്ത്രണ അധികാരിയായ തിരുവനന്തപുരം ജില്ലാഭാഗ്യക്കുറി ഓഫീസർ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ് 1) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ബിജു.ആർ (പെൻ: 752933)-ന് **19/02/2026 AN** മുതൽ **28/02/2026** വരെ പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി

വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ്-1) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ബിജു.ആർ. (പെൻ: 752933)-ന് കെ.എസ്.ആർ. ഭാഗം I ചട്ടം 98 പ്രകാരം 19/02/2026 AN മുതൽ 28/02/2026 AN വരെ പ്രത്യേക അവശാതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.ബിജു.ആർ (പെൻ: 752933), ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ് 1), തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസ് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/148/2026-TAXES)

ഉത്തരവിൻ പ്രകാരം

**Signed by Babu. G**
**Date: 23-06-2026 10:10:27**

സെക്ഷൻ ഓഫീസർ